# കേരള കാർഷിക സർവകലാശാല
## പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രം പിലിക്കോട്
കാസറഗോഡ്-671310, 0467 226 0632, rarspil@kau.in


**ബി3-2553/2025** **തീയതി: 02.08.2025**

## ദർഘാസ് പരസ്യം

പിലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ മാവിൻ തൈകൾ ഗ്രാഫ്റ്റ് ചെയ്യുന്ന ജോലി ഏറ്റെടുത്ത് നടത്തുന്നതിന് താത്പര്യമുള്ള വ്യക്തികളിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള മുദ്രവെച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

| | |
|---|---|
| ദർഘാസ് പരസ്യ നമ്പർ | **B3-2553/2025** |
| ദർഘാസ് സ്വീകരിക്കുന്നതിനുള്ള അവസാന തീയതി | **08.08.2025, 3.00 മണി** |
| ദർഘാസ് തുറക്കുന്ന തീയതി | **08.08.2025, 3.30 മണി** |
| കാലാവധി | **3 മാസം** |
| ദർഘാസ് സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും മേൽ വിലാസവും | **അസോസിയേറ്റ് ഡയറക്ടർ, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പിലിക്കോട്** |
| ദർഘാസ് അടക്കം ചെയ്ത കവറിനു പുറത്ത് രേഖപ്പെടുത്തേണ്ടത്. | **"ഗ്രാഫ്റ്റിംഗ് ജോലികൾ ചെയ്യുന്നതിനുള്ള ദർഘാസ്"** |
| നിരത ദ്രവ്യം | **1500/- രൂപ** |

1. ഒരു തൈ വിജയകരമായി ഗ്രാഫ്റ്റ് ചെയ്യുന്നതിന് എത്രയെന്ന് രേഖപ്പെടുത്തിയ ദർഘാസ് **08.08.2025 ന് 3.00 മണിക്ക് മുൻപായി** മേൽ സൂചിപ്പിച്ച വിലാസത്തിൽ അയക്കേണ്ടതോ എത്തിക്കേണ്ടതോ ആണ്. വൈകി ലഭിക്കുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല.
2. കൃത്യ സമയത്ത് ലഭിച്ച ദർഘാസുകൾ അന്നേ ദിവസം 3.30 മണിക്ക് തന്നെ തുറന്നു നോക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ദർഘാസ് സ്വീകാര്യമാണെന്ന് തോന്നിയാൽ അംഗീകരിക്കുന്നതുമായിരിക്കും.
3. ദർഘാസ് സ്വീകരിക്കുന്നതിനോ കാരണം കാണിക്കാതെ തള്ളിക്കളയുന്നതിനോ ഉള്ള പൂർണ്ണ അധികാരം അസോസിയേറ്റ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. സർക്കാർ ദർഘാസിന്റെ പ്രസക്തമായ എല്ലാ നിയമങ്ങളും ഇതിനും ബാധകമാണ്.
4. ഗ്രാഫ്റ്റിംഗ് ജോലികൾ ചെയ്യേണ്ടത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിലും നിർദ്ദേശത്തിലുമായിരിക്കണം.
5. ജോലിക്ക് നിയമിക്കപ്പെടുന്ന തൊഴിലാളികളുടെ നിയമപ്രകാരമുള്ള പരിരക്ഷ, അവകാശങ്ങൾ മുതലായ പാലിക്കാനുള്ള ഉത്തരവാദിത്തം പൂർണ്ണമായും കരാറുകാരന്റേതായിരിക്കും. ജോലിക്കിടയിൽ ഉണ്ടാകുന്ന അപകടങ്ങൾക്ക് കരാറുകാരൻ മാത്രമായിരിക്കും ഉത്തരവാദി.
6. കരാറുകാരന് ദർഘാസ് തുകയ്ക്ക് പുറമെ കേന്ദ്രത്തിലോ കാർഷിക സർവകലാശാലയിലോ യാതൊരു അവകാശങ്ങളോ ആനുകൂല്യങ്ങളോ ഉണ്ടായിരിക്കുന്നതല്ല.
7. കരാർ ഏതു സമയത്തും റദ്ദ് ചെയ്യാനുള്ള അവകാശം കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമാണ്.
8. നിലവിലെ സർക്കാർ വ്യവസ്ഥകൾക്കനുസരിച്ച് ആവശ്യമെങ്കിൽ ആദായ നികുതി ഈടാക്കുന്നതായിരിക്കും.
9. ദർഘാസ് ലഭിക്കുന്നയാൾ ക്വട്ടേഷൻ തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റായി അടക്കേണ്ടതാണ്.

10. ദർഘാസ് ദിവസം ഏതെങ്കിലും കാരണവശാൽ അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ:04672260632.

ഒപ്പ്/-
ഡോ.വനജ.ടി
അസോസിയേറ്റ് ഡയറക്ടർ

പകർപ്പ്:

1. പഞ്ചായത്ത് ഓഫീസ് പിലിക്കോട്/ചെറുവത്തൂർ/നീലേശ്വരം മുനിസിപ്പാലിറ്റി
2. ഫാം i/c, ഫാം സൂപ്രണ്ട്
3. നോട്ടീസ് ബോർഡ് ഓഫീസ്/ഫാം
4. ഒഫീഷ്യൽ വാട്ട്സപ്പ് ഗ്രൂപ്പ്, വെബ്സൈറ്റ്

// അംഗീകാരത്തോടെ//

സെക്ഷൻ ഓഫീസർ